# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 956 10.06.2019 -ലെ മറുപടി

### ചാലക്കുടിപ്പുഴയിലെ സ്റ്റോറേജ് ഡാം നിർമ്മാണം

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയ്ക്ക മുകളിലായി സ്റ്റോറേജ് ഡാം (തടയണകൾ) നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) & ബി) | പ്രൊപ്പോസലുകൾ സർക്കാരിൽ നാളിതുവരെ ലഭ്യമായിട്ടില്ല.<br>എന്നാൽ ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയ്ക്ക മുകളിലായി വെറ്റിലപ്പാറയിലും കണ്ണൻകുഴിയിലും ഓരോ സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ സർവ്വേയും Soil Investigation Surveyയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൻകുഴിയിലെ ചെക്ക് ഡാമിന്റെ പുതുക്കിയ റിപ്പോർട്ടിന്മേൽ 3 മീ. സ്റ്റോറേജ് ഹൈറ്റുള്ള ഒരു തടയണയുടെ ഡിസൈൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വെറ്റിലപ്പാറയിലെ ചെക്ക് ഡാമിന്റെ ഡിസൈന് കൂടുതൽ സാങ്കേതിക വിവരങ്ങൾ ആവശ്യമാണ്. |
| ബി) | ഇതിനായി ഐ.ഡി.ആർ.ബി. യിലേയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പുതുക്കിയ റിപ്പോർട്ടിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും സ്റ്റോറേജ് ഡാം യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ